ഉത്തരം

(എ) സുൽത്താൻ ബത്തേരി സർവ്വീസ് സഹകരണ ബാങ്കിൽ നടത്തിയ പ്യൂൺ നിയമനവുമായി ബന്ധപ്പെട്ട് അഞ്ചുപേരുടെ പരാതികൾ വയനാട് ജോയിന്റ് രജിസ്ട്രാർക്ക് ലഭിച്ചിരുന്നു. അതിൽ ഒരാൾ പിന്നീട് പരാതി പിൻവലിച്ചു. ബാക്കി 4 പരാതികളുടെ പകർപ്പുകൾ അനുബന്ധം II ആയി ചേർക്കുന്നു.*

(ബി) നിയമനം സംബന്ധിച്ച ബാങ്ക് പത്രപസ്യം നൽകിയത് ക്രമപ്രകാരമല്ലെന്ന് കാണിച്ചും നിയമനത്തിൽ ലക്ഷക്കണക്കിനുരൂപയുടെ അഴിമതി നടക്കുന്നുവെന്ന് ആരോപിച്ചും ശ്രീ. പി. എം. ഡേവിഡ് എന്നയാൾ *ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ക്ക് സമർപ്പിച്ച പരാതി അന്വേഷിച്ചതിൽ പത്രപരസ്യം നൽകിയിട്ടുള്ളത് ക്രമപ്രകാരമല്ലെന്ന് കണ്ടതിനെ തുടർന്ന് നിയമനം സംബന്ധിച്ച തുടർ നടപടികൾ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ 9-4-2009-ലെ സി.ആർ.പി.(1) 1390/09-ലെ ഉത്തരവ് പ്രകാരം താൽക്കാലികമായി നിർത്തി വയ്ക്കുന്നതിന് ബാങ്കിന് നിർദ്ദേശം നൽകിയിരുന്നു.

ബാങ്കിന്റെ അപേക്ഷയെത്തുടർന്ന് നിയമന നടപടികൾ ക്രമപ്രകാരം സുതാര്യമായി നടത്തുന്നതിന് 6-8-2009 ന് ബാങ്കിന് ജോയിന്റ് രജിസ്ട്രാർ അനുമതി നൽകിക്കൊണ്ട് ഉത്തരവ് നൽകുകയും നിയമനത്തിനായി ബാങ്ക് 11-10-2009 ന് എഴുത്തു പരീക്ഷയും 30-10-2009 ന് ഇന്റർവ്യൂവും നടത്തുകയുണ്ടായി. നിയമനം ലഭിച്ചവർ 31-10-2009 ന് ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

ബാങ്കിൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ശ്രീമതി ലിനിമാത്യു, ബാങ്കിലെ നിയമനങ്ങളിൽ ക്രമക്കേടുകളുണ്ടെന്ന് കാണിച്ച് ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ സമർപ്പിച്ച പരാതിയെപ്പറ്റി അന്വേഷിക്കാൻ സുൽത്താൻബത്തേരി അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ക്ക് ജോയിന്റ് രജിസ്ട്രാർ നിർദ്ദേശം നൽകിയിരുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധം (1) ആയി ചേർക്കുന്നു.*

(സി) അന്വേഷണം സംബന്ധിച്ച അന്തിമ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഇക്കാര്യത്തിൽ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

കണ്ണൂർ ജില്ലാ സഹകരണബാങ്കിലെ ക്ളാർക്ക്/കാഷ്യർ തസ്തിക

26 (5431) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലാ സഹകരണ ബാങ്കിലെ ക്ളാർക്ക്/കാഷ്യർ തസ്തികയിലേക്കുള്ള പി.എസ്.സി. ലിസ്റ്റ് എന്നാണ് നിലവിൽ വന്നത് ;

(ബി) ഈ ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കുമോ ;

* അനുബന്ധം ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോൾ ഈ തസ്തികയിൽ എത്ര ഒഴിവുകളാണുള്ളത് ; ഒഴിവുള്ള മുഴുവൻ തസ്തികകളും പി.എസ്.സി.ക്ക് വിടാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ നിലവിലുള്ള അക്കൗണ്ടന്റ് തസ്തികയിലേക്ക് ക്ളാർക്ക്/ക്യാഷ്യർ തസ്തികയിൽ നിന്നും പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ വൈകിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) അക്കൗണ്ടന്റ് തസ്തികയിലേക്കുള്ള പ്രൊമോഷനുകൾ സമയ ബന്ധിതമായി നടപ്പാക്കി ഒഴിവു വരുന്ന ക്ളാർക്ക്/ക്യാഷ്യർ തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക്/ക്യാഷ്യർ തസ്തികയിലേക്കുള്ള പി.എസ്.സി. ലിസ്റ്റ് 12-1-2010 ലാണ് നിലവിൽ വന്നത്.

(ബി) ഈ ലിസ്റ്റിൽ നിന്നും ഇതുവരെ 68 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) നിലവിൽ ഈ തസ്തികയിൽ 3 ഒഴിവുകളുണ്ട്. ഇതിൽ രണ്ട് ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇക്കാര്യത്തിൽ കണ്ണൂർ ജില്ലാ സഹകരണബാങ്കാണ് നടപടി സ്വീകരിക്കേണ്ടത്. കൂടാതെ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യാൻ എല്ലാ ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകൾക്കും നേരിൽ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

അർബൻ ബാങ്കുകളുടെ പ്രവർത്തനം

27 (5432) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അർബൻ ബാങ്കുകളുടെ പ്രവർത്തനത്തിന് എന്തെല്ലാം നിയന്ത്രണങ്ങളാണ് നിലവിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ ; ആർ. ബി. ഐ. ആക്ട് പ്രകാരം പ്രവർത്തിക്കുമ്പോൾ മറ്റ് സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എന്തെങ്കിലും പ്രയാസങ്ങൽ നേരിടുന്നുണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ ;

(ബി) മറ്റ് സഹകരണ സ്ഥാപനങ്ങളുടെ വളർച്ചപോലെ അർബൻ ബാങ്കുകൾ വളർച്ച നേടുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly